തീയതി: ഡിസംബർ 5, 2013

## പ്രതിപക്ഷ നേതാവ് (രാജ്യസഭ) അരുൺ ജെയ്റ്റ്ലിയുടെ ഫേസ്ബുക് പോസ്റ്റ്

തെരഞ്ഞെടുപ്പു നടന്ന അഞ്ചു സംസ്ഥാനങ്ങളിലെയും വോട്ടെടുപ്പു കഴിഞ്ഞു. ആകാംകക്ഷയോടെ ഫലം കാക്കുകയാണ്. എക്സിറ്റ് പേൾ ഫലങ്ങൾ പറയുന്നത് എല്ലായിടത്തും കോൺഗ്രസിന് കനത്ത തോൽവി സംഭവിക്കുമെന്നാണ്. അതിൽ ചില നേരിയ വ്യത്യാസങ്ങൾ ഉണ്ടാവാം. ഇതുവരെയുള്ള രീതി വെച്ചു നോക്കുമ്പോൾ എക്സിറ്റ് പോളുകൾ പ്രവണതയാണ് കാണിക്കുന്നതെന്നാണ് അനുഭവം. കോൺഗ്രസ് ആകെ ധാർമ്മികമായി തകർന്ന അവസ്ഥയിലാണ്. ദൽഹി തെരഞ്ഞെടുപ്പു പ്രചാരണത്തിൻെറ അവസാന ഘട്ടത്തിൽ അക്ഷരാർത്ഥത്തിൽ മുഖ്യമന്ത്രി ഷലാ ദീക്ഷിത് ഒറ്റക്ക് തന്നെയാണ് പോരാടിയത്. കോൺഗ്രസഎ വക്താക്കൾ എക്സിറ്റ് പോൾ സംബന്ധിച്ച ചർച്ചകളിൽനിന്ന് വിട്ടു നിന്നത് ദുരൂഹമാണ്. എക്സിറ്റ് പോൾ കാര്യത്തിൽ ഇതാണ് അവസ്ഥയെങ്കിൽ യഥാർത്ഥ ഫലം വരുമ്പോൾ എന്തായിരിക്കും അവസ്ഥയെന്ന് ഞാൻ അതിശയിക്കുകയാണ്.

രാഷ്ട്രീയ കലണ്ടറിൽ അവസാന ദിവസം ഇല്ല. അതൊരു തുടർ ദിനചര്യയാണ്. പരിശ്രമം നിർത്തുന്നതുവരെ നിങ്ങൾ തോൽക്കുന്നില്ല. കോൺഗ്രസ് പരിശ്രമവും നിർത്തിയിരിക്കുന്നു. ദേശീയ നേതൃത്വം ഉപേക്ഷിക്കുകവഴി ദൽഹിയിൽ അതു പ്രകടമായി. കേന്ദ്രസർക്കാർ ഉണ്ടാക്കിയ സാമ്പത്തികരംഗത്തെ കുഴപ്പങ്ങൾ, അഴിമതിയാരോപണങ്ങൾ, നയവൈകല്യം ബാധിച്ചതു പ്രചോദിപ്പിക്കാത്തതുമായ നേതൃത്വം ഇതെല്ലാം ചേർന്ന് കോൺഗ്രസ് പാർട്ടിയുടെ അണികളെത്തന്നെ ആകെ ധാർമ്മികമായി തകർത്തുകഴിഞ്ഞിരിക്കുകയാണ്. ഈ യാഥാർത്ഥ്യങ്ങൾ നേരിടാൻ കോൺഗ്രസ് തയ്യാറാകാത്തിടത്തോളം കാലം കോൺഗ്രസിനു കൃത്യമായ ഒരുത്തരം ലഭിക്കില്ല. വംശാധിപത്യത്തിന്റെ മികവൊന്നും ഏറെക്കാലം രാഷ്ട്രീയത്തിൽ നിലനിൽക്കില്ല. രാഷ്ട്രീയപ്പാർട്ടി ഒരു കുടുംബത്തിനു ചുറ്റുമുള്ള വെറും ആൾക്കൂട്ടമാകുമ്പോൾ ആ പാർട്ടിയുടെ ശക്തി ആ കുടുംബത്തിൻെറ കഴിവിനെ ചുറ്റിപ്പറ്റി ആയിരിക്കും. പാർട്ടി സ്വയം ഒരു വംശ പാർട്ടിയായിരിക്കുന്നു. അതിനു ഫലം നൽകാൻ ആവില്ല, പാർട്ടി സ്വയം പരാജയമാകുന്നു.

2013 ഡിസംബർ എട്ടിന് തെരഞ്ഞെടുപ്പു ഫ്ലങ്ങൾ വരുമ്പോൾ കോൺഗ്രസ് പാർട്ടി എങ്ങനെ പ്രതികരിക്കുമെന്ന് ഞാൻ കാത്തിരിക്കുകയാണ്. ഈ പാർട്ടിയെ നിരീക്ഷിക്കുന്നയാളെന്ന നിലയിൽ ഞാൻ മനസിലാക്കുന്നത് അവർ ശരിയായ ചോദ്യം നേരേ ചൊവ്വേ ചോദിക്കില്ലെന്നാണ്. അങ്ങനെയെങ്കിൽ ശരിയായ ഉത്തരവും കിട്ടില്ല. കോൺഗ്രസിന്റെ പാരമ്പര്യം വച്ചു നോക്കിയാൽ ''ഒരു കുടുംബാംഗം തോറ്റിടത്ത് മറ്റൊരാളെ പരീക്ഷിക്കുക'' എന്നതായിരിക്കും അവരുടെ പ്രശ്നപരിഹാര മാതൃക എന്ന കാര്യത്തിൽ എനിക്ക് അതിശയമില്ല.